ഒരു വനിതാ ഐപിഎസ് ഓഫീസറുടെ അധികാര ദുർവിനിയോഗത്തെ നിയമത്തിന്റെയും മനധൈര്യത്തിന്റെയും ഉൾക്കാമ്പുകൊണ്ട് നേരിട്ട് അവസാനം കനത്ത തുക നഷ്ടപരിഹാരം നേടിയെടുത്ത പേഴ്സി ജോസഫ് ഡെസ്മണ്ട് ഈയിടെ വാർത്തകളിൽ നിറഞ്ഞിരുന്നു. നല്ല ഒരു സ്പോർട്ട്സ് താരം, ഒപ്പം തന്നെ അപൂർവമായ വാഹനങ്ങളുടെ വീണ്ടെടുപ്പുകാരൻ എന്നിങ്ങനെ വ്യത്യസ്ഥ മേഖലകളിൽ തന്റെതായ വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം ബാങ്കിംഗ് കരിയറിനപ്പുറം താത്പര്യമേഖലകൾ വളർത്തിയെടുത്തത് കൗതുകമെന്നതിലുപരിയായി സദാ എന്തെങ്കിലും കാര്യത്തിൽ വ്യാപൃതനാകണം, അവിടെ തന്റേതായ തരത്തിൽ എന്തെങ്കിലും ചെയ്യണം എന്ന ഉദ്ദേശത്തിൽ കൂടിയാണ്.

രണ്ട് വേറിട്ട മേഖലകളിൽ തന്റേതായ മുദ്രപതിപ്പിച്ച ഒരു ബാങ്കറെയാണ് ഈ ആഴ്ച അവതരിപ്പിക്കുന്നത്.

പേഴ്സി ജോസഫ് ഡെസ്മണ്ട്
ചീഫ് മാനേജർ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,
പെരുമ്പാവൂർ ശാഖ

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ 1984 ൽ ജോലിയിൽ പ്രവേശിച്ച പേഴ്സി ജോസഫ് പല സംസ്ഥാനങ്ങളിൽ പല തസ്തികകളിലായി സേവനമനുഷ്ഠിച്ച ശേഷം ഇപ്പോൾ പെരുമ്പാവൂർ ശാഖാ മാനേജരായി എത്തി നിൽക്കുന്നു.

തിരുവനന്തപുരം കഴക്കൂട്ടം സൈനിക സ്കൂളിൽ ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസം, ഒരു പക്ഷെ ആർമി ഓഫീസറാക്കാനുള്ള ആഗ്രഹവും തയാറെടുപ്പും ഒക്കെ ആകാം അക്കാലത്ത് ആ പ്രശസ്തമായ സ്കൂളിലേക്ക് മാതാപിതാക്കൾ അയക്കാൻ കാരണം. പേഴ്സിയുടെ പിതാവ് മിലിട്ടറി എഞ്ചിനീയറിങ്ങ് സർവീസിൽ ആയിരുന്നു, അമ്മ സ്വന്തം നിലയിൽ തീരെ ചെറിയ ഒരു സ്കൂൾ അക്കാലത്ത് ആരംഭിച്ചിരുന്നു. ഇന്ന് ഈ സ്കൂളിൽ 1200 കുട്ടികൾ പഠിക്കുന്നു എന്ന് കൂടി പറയട്ടെ.

എന്ത് കൊണ്ടോ, സൈനികസ്കൂളിന്റെ ചിട്ടവട്ടങ്ങൾക്കും ചട്ടങ്ങൾക്കുമൊപ്പം മെരുങ്ങാൻ കുട്ടി പേഴ്സിക്ക് ആയിരുന്നില്ല, കൊളെജ് വിദ്യാഭ്യാസഘട്ടം ആയപ്പോൾ സെന്റ് സേവിയേഴ്സ്, യൂണിവേഴ്സിറ്റി കോളെജ് എന്നിവടങ്ങളിലായി. ഫുട്ബോൾ കമ്പവും ഒപ്പം തന്നെ പഴയ വാഹന പ്രേമവും മനസിൽ മൊട്ടിട്ട് തുടങ്ങി എന്ന് പറയാം. താമസിയാതെ തന്നെ ഗ്വാളിയോർ Lakshmibai National College of Physical Education ലേക്ക് എത്തി, ഉദ്ദേശം ഫുട്ബോൾ പരിശീലകൻ ആകുക. അപ്പോഴേക്കും കുടുംബഭാരവും മറ്റ് സമ്മർദ്ദങ്ങളും വന്ന് പെട്ടതിനാൽ ബാങ്ക് പരീക്ഷ എഴുതി യൂണിയൻ ബാങ്കിലേക്ക് എത്തി. കായിക വിദ്യാഭ്യാസം മുഴുമിപ്പിക്കാൻ ആയില്ലെങ്കിലും അതിനോടകം തന്നെ കേരള സർവകലാശാല മീറ്റിൽ 800 മീറ്ററിൽ സമ്മാനം, സർവകലാശാലാ ഔദ്യോഗിക ഫുട്ബോൾ ടീമിൽ അംഗം ഒക്കെ ആയി ദേശിയ-സംസ്ഥാന തലത്തിൽ പല മത്സരങ്ങളിലും പങ്കെടുത്ത് കഴിവും പ്രാപ്തിയും തെളിയിച്ചു.

എൺപതുകളിൽ മിക്ക സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വന്തം ഫുട്ബോൾ ടീം എന്നത് ഒരു പതിവ് രീതി ആയിരുന്നു, പോരാത്തതിന്

ആവശ്യത്തിന് പേരും പെരുമയും ഉള്ള കപ്പുകളും. ആ പന്തുകളി പെരുമക്കാലത്ത് പേഴ്ലിക്ക് ഉള്ളിലെ പന്ത് എങ്ങനെ മൈതാനം കാണാതെ അടങ്ങിയിരിക്കും. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ദേശിയ ടീമിൽ സ്ഥിരാംഗം ആയി. ഫുട്ബോളിൽ നിന്ന് കമ്പം പതിയെ ഷട്ടിൽ ബാഡ്മിന്റണിലേക്ക് കൂടുമാറി. 1988 ലും 1989 ലും ഇന്റർബാങ്ക് ബാഡ്മിന്റൺ ചാമ്പ്യനായി. വെറ്ററൻസ് മീറ്റിൽ കേരളത്തെയും, ശ്രീലങ്കയിൽ നടന്ന മീറ്റിൽ ഭാരതത്തെയും പ്രതിനിധീകരിച്ച് 45+ കാറ്റഗറിയിൽ മത്സരിച്ചു. ഇപ്പോഴും എല്ലാദിവസവും എറണാകുളം കടവന്ത്രയിലെ ഇൻഡോർ സ്റ്റേഡിയത്തിൽ പതിവ് പരിശീലനത്തിന് വൈകുന്നേരം ഇത്തിരി വൈകി ആണെങ്കിലും പേഴ്ലി ഹാജരാണ്. അത്രമേൽ ഈ മനുഷ്യൻ സ്പോർട്സിനെ ഇഷ്ടപ്പെടുന്നുണ്ട്. ശരീര ഫിറ്റ്നെസിനല്ല മറിച്ച് മാനസിക സന്തോഷമാണ് ഇത് വഴി ലഭിക്കുന്നതെന്ന് പേഴ്ലി മതം! ഫിറ്റ്നെസ് ഒക്കെ ഇതിന്റെ ഉപോൽപ്പന്നം മാത്രമെന്ന് പറയാതെ പറയുന്നു.

കോളെജിൽ പഠിക്കുന്ന കാലത്ത് തന്നെ വളരെ അപൂർവമായ ഒരു ഹോബി കൂടി എങ്ങനെയോ പേഴ്ലിക്കൊപ്പം കൂടി, അത് മറ്റൊന്നുമല്ല പഴയ വാഹന പ്രേമം. ഇത് വരെ പത്തോളം വാഹനങ്ങൾക്ക് പുതുജീവനേകി എന്ന് പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമാകും. അതെ, ആർക്കും വേണ്ടാതെ വഴിവക്കിലോ ഗ്യാരേജിലോ കിടക്കുന്ന അമൂല്യ നിധികളായ പഴയ യന്ത്രപടക്കുതിരകളെ പേഴ്ലി നോട്ടമിട്ടാൽ അതിന് ശാപമോക്ഷം ആയി എന്ന് കൂട്ടുകാർക്കിടയിൽ സംസാരമുണ്ട്. 1928 മോഡൽ ഷെവർലെ ട്യൂറിങ്ങ് ആണ് ഇക്കൂട്ടത്തിലെ അമൂല്യരത്നം. ഈ കാറിൽ മാസത്തിൽ ഒന്നോ രണ്ടോ ദിവസം കടവന്ത്രയിലെ വീട്ടിൽ നിന്ന് പെരുമ്പാവൂരിലെ ബാങ്ക് ശാഖ വരെ അങ്ങനെ ഗമയിൽ ഈ ബാങ്കർ യാത്ര ചെയ്ത് എത്തും. ഓർക്കേണ്ട കാര്യം ഈ വാഹനങ്ങളുടെ ഒന്നും സ്പെയർ പാർട്ട്സ് ഇപ്പോൾ കിട്ടില്ല എന്നതാണ്, വിപുലമായ സുഹൃത്ത് വലയം കൊണ്ടും പിന്നെയും കിട്ടാത്തത് വർക്ക് ഷോപ്പിൽ മേശിരിക്കൊപ്പം അവധി ദിവസങ്ങളിൽ ഒപ്പം കൂടി ഉണ്ടാക്കി എടുക്കാനും എന്തൊരു ഉത്സാഹമാണിദ്ദേഹത്തിനെന്നറിയണമെങ്കിൽ ഒരു അവധി ദിവസം കൂടെ കൂടിയാൽ മതി! പഞ്ചാബിലെ ചാണ്ടിഗഢിൽ വഴിയോരത്ത് കിടന്ന ഒരു വാഹനത്തിന്റെ ഫോട്ടോ ഒരു ചങ്ങാതി വാട്ട്സാപ്പിൽ ഇട്ട് കൊടുത്തു, അത് ശ്രമകരമായി ട്രേസ് ചെയ്ത് എറണാകുളത്ത് എത്തിച്ച് കഴിഞ്ഞു, ഇപ്പോൾ ഈ വോൾസ് വാഗൻ ബീറ്റിൽ എന്ന കൂട്ടുകാരനെ ഉഷാറാക്കി നിരത്തിലിറക്കുന്ന പണിയിൽ ആണ് പേഴ്ലി ജോസഫ്.

അടുത്തിടെ ദേശിയതലത്തിൽ തന്നെ ഈ ബാങ്കർ വാർത്തയിൽ നിറഞ്ഞിരുന്നത് കൂടി പറഞ്ഞ് കൊണ്ട് അവസാനിപ്പിക്കാം. ഒരു യുവ വനിതാ ഐപിഎസ് ഓഫീസർ അധികാര ദുർവിനിയോഗം മുതൽ വ്യാജ ആരോപണം വരെ ഉണ്ടാക്കി ഒരു ദിവസം പേഴ്ലിയെ ഓഫീസിൽ നിന്ന് അറസ്റ്റ് ചെയ്ത് കൊണ്ട് പോകുന്നു. ആരായാലും തളർന്ന് പോകുന്ന ദിവസങ്ങളിലൂടെ ഇദ്ദേഹം കടന്ന് പോയി. പക്ഷെ ശരിക്കും ഒരു പോരാളിയുടെ നിശ്ചയദാർഢ്യത്തോടെ സമയവും, സിസിടിവി ഫൂട്ടേജ് അടക്കമുള്ള ഉറച്ച തെളിവിന്റെ ഉൾക്കരുത്തുമായി നീതിപീഠത്തെ സമീപിച്ച് തന്റെ ഭാഗം കൃത്യമായി വ്യക്തമാക്കി. തന്റെ നിസഹായവസ്ഥയും ഒപ്പം ഒരു ഐപിഎസ് ഓഫീസറുടെ അമിത അധികാരപ്രയോഗവും കൃത്യമായി കോടതിയെ ബോധ്യപ്പെടുത്താൻ സ്പോർട്ട്സ്മാൻ സ്പിരിറ്റോടെ പേഴ്ലി ജോസഫ് നിലകൊണ്ടു. കോടതി പോലിസ് ഉദ്യോഗസ്ഥർക്കെതിരെ വിധി പ്രസ്താവം

നടത്തി. ഒരു പക്ഷെ രാജ്യത്ത് തന്നെ അത്യപൂർവമായ നിയമപോരാട്ടം. ഒന്നാലോചിക്കണം മറു ഭാഗത്ത് സർക്കാരും, പൊലിസ് മെഷിനറിയും ഒക്കെ ഉൾപ്പെട്ട സംവിധാനമാണ്, ഇപ്പുറത്ത് പേഴ്‌സി ജോസഫ് എന്ന സാധാരണ വ്യക്തിയും. ഒരു വേള ഇടയിൽ വച്ച് കേസ് കെട്ട് ഉപേക്ഷിച്ച് ആരായാലും പോകാൻ നിർബന്ധിക്കപ്പെടുന്ന പല സാഹചര്യങ്ങൾ, സമ്മർദ്ദങ്ങൾ. പക്ഷെ പേഴ്‌സി ജോസഫ് തളർന്നില്ല എന്ന് മാത്രമല്ല, വർധിത വീര്യത്തോടെ പൊരുതി നിന്നു. അവസാനം 18.50 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുത്ത് ഉയർന്ന ഐപിഎസ് ഓഫീസർക്ക് കേസ് ഒത്തു തീർപ്പാക്കേണ്ടി വന്നത് മാധ്യമങ്ങളും പൊതുസമൂഹവും ആശ്ചര്യത്തോടെ നോക്കിനിന്ന ഇടപെടലിന്റെ പരിസമാപ്തിയായി.

തിരുവനന്തപുരത്ത് ജനിച്ച പേഴ്‌സി ജോസഫ് ഡെസ്മണ്ട്, ഇപ്പോൾ എറണാകുളത്ത് ആണ് താമസം. ഭാര്യ ആശ പേഴ്‌സി അധ്യാപിക ആണ്, ഇക്കഴിഞ്ഞ ദിവസങ്ങളിലൊന്നിൽ കുട്ടികളുമായി രാഷ്ട്രപതിയെ സന്ദർശിക്കാൻ ഉള്ള അവസരം ആശ ടീച്ചർക്ക് ലഭിച്ചിരുന്നു. മകൻ സ്വരൂപ് എഡ്സൺ പേഴ്‌സി എയർ ഇന്ത്യയിൽ ക്യാപ്റ്റൻ/ പൈലറ്റ് ആണ്, മകൾ സിന്റ പേഴ്‌സി ഇപ്പോൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി. അച്ഛന്റെ സ്പോർട്ട്സ് ഗുണം മകൾക്ക് ലഭിച്ചിട്ടുണ്ട്, ബാഡ്മിന്റൺ പ്ലയർ ആണ്. സിന്റ രണ്ട് പ്രാവശ്യം കേരള സ്റ്റേറ്റ് ജൂനിയർ ബാഡ്മിന്റൺ ജേതാവ് ആയിരുന്നു. 2017 ലെ മിസ് കേരള മത്സരത്തിന്റെ അവസാന അഞ്ച് പേരിൽ ഒരാളായി വന്ന് പ്രത്യേക സമ്മാനം ലഭിച്ചിട്ടുമുണ്ട്.

പേഴ്‌സി ജോസഫ് എന്ന വ്യക്തി പലത് കൊണ്ടും മറ്റ് ബാങ്കർമാർക്ക് പ്രചോദനമാണ്. തൊഴിൽ പരമായി പല ബാഹ്യസമ്മർദ്ദങ്ങൾക്കും, വ്യാജപ്പരാതികൾക്കും ഒക്കെ നടുവിലൂടെ നടന്ന് പോകുന്നവർ ഒരു പക്ഷെ, ന്യായം അനുകൂലമായിട്ട് കൂടി ഇതിനെതിരെ പ്രതികരിക്കാത്തത് വരാനിരിക്കുന്ന വ്യവഹാരങ്ങളുടെ ദൈർഘ്യവും, പിന്നെ എന്തൊക്കെ സംഭവിക്കും എന്ന ആധിയും ഒക്കെ കൊണ്ടാകണം. പേഴ്‌സിയുടെ നിയമ പോരാട്ടം ഒരളവ് വരെ അങ്ങനെയുള്ളവർക്ക് പോരാടാനുള്ള ആശാകിരണമാണ് എന്നതിൽ തർക്കമില്ല. പേഴ്‌സിയുടെ വാഹനസ്നേഹം ഇനിയും നല്ലത് പോലെ വളരട്ടെ, കായിക രംഗത്ത് വരും കാലത്തും കീർത്തിമുദ്ര പതിപ്പിക്കാനും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

English Version:

Mr Percy Joseph Desmond has recently grabbed headlines on account of the hefty compensation he made a female IPS officer to pay as a price of she taking undue advantage of her powers which otherwise should have served as a stronghold of the legal system. He is well renowned among the banking fraternity as an accomplished sportsman and an automotive enthusiast.

This week, let us take the privilege to acquaint you with this multifaceted and incredibly talented banker par excellence.

Mr.Percy Joseph Desmond
Chief Manager,
Union Bank of India, Perumbavoor Branch.

Mr Percy Joseph, who joined the Union Bank of India in 1984, is working as the branch head of Perumbavoor branch of the bank subsequent to serving in different posts in different states.

Percy had his schooling in Sainik school at Kazhakuttam in Trivandrum. He was not inclined to get cocooned within the intricacies of the standards and guidelines of the military school.

Percy’s dad was in the Military Engineering Services and his mother had started a small school on her own. Today, the school has 1200 students. He graduated from St Xaviers and University College. In the meantime surfaced his idiosyncratic ardour for football and old vehicles. Soon he landed at Lakshmibai National College of Physical Education in Gwalior intending to be a football trainer. The hardships in terms of financial constraints he was reeling under, made him join Union Bank of India, shelving his aspirations and priorities as a sports man. Though so, he got an opportunity to be a member of Kerala University Football team. He participated in several state and national level competitions and his triumphs echoed the relentless, enduring sportsman delitescent within him.

During the 1980s, most government organizations had their own football teams. Mr Percy was always on the lookout for every possible opportunity to harness the ground for his sportive pursuits. He became a permanent member of Union Bank of India's National team. Thereafter his focus got shifted to badminton. In 1988 and 1989, he won championship in Interbank Badminton Competition. In the Meet that was held in Sri Lanka he competed in the 45+ category representing India. Percy still goes to the Indoor Stadium at Kadavanthra, Ernakulam frequently inspite of his busy schedule, for his love for sports is unrelenting.

While Percy was in college, he perceived cars as objects ripe for getting adored. He developed an irresistible passion for old vehicles. He has so far resuscitated around 10 vehicles.

Where one sees an old car as scrapped-metal, Mr Percy perceive them as treasure troves. To spot, own and restore cars is nothing less than bliss as regards him. He is used to refurbishing

cars that has been abandoned on roads and garages.The most significant among them is the 1928 model Chevrolet Touring.

Mr Percy utilizes the opportunity to showcase his maneuvering skills when he travels from his home at Kadavanthra to Perumbavoor branch once or twice a week. That the spare parts of these vehicles are not available these days is something inconceivable.

His seamless friendship circle and his enthusiasm to assemble parts of vehicles can be taken cognizance of, if you spend your time with him on a holiday.

Percy's friend sent him the photo of a vehicle which he came across on his travel to Chandigarh in Punjab. Percy was successful in tracing and bringing it to ernakulam and process is underway to bring the Volkswagen Beetle back to action.

Mr Percy grabbed the attention of many at national level subsequent to misuse of authority by an IPS Officer who detained him on fake allegations. Heedless to the challenges he was destined to encounter with, he harnessed the evidences of video footage and time to thereafter approach the judicial system to prove his innocence.

It took a lot of courage for him to convince the court of the impropriety of the use of powers of the IPS Officer given his indomitable spirit with which he fought against injustice.The court ruled against the Police Officer which perhaps is the rarest of rare cases.

His perseverance was reluctant to succumb to the unpropitious paths he trod, amidst the convulsions of the judicial machinery. Eventually he made the IPS Officer settle the case paying compensation which amounts to Rs 18.5 lakhs, to the wonder of media and society.

Mr Percy Joseph was born in Trivandrum and is presently living in Ernakulam. His better half, Mrs Asha Percy is a teacher . She has had an opportunity to visit the President of India along with her students recently. Their son, Swaroop Edson Percy is a captain in Air India and their daughter Cinta Percy is doing post graduation. She is a winner of Kerala State Junior Badminton Championship.

Percy Joseph is an inspiration for many bankers who privily suffer, thanks to fake allegations to which they most often stay deaf eared. Doubtless, Mr Percy's legal battle is a ray of hope for such people. May Percy's compassion for cars mount greater heights. We wish him all success in making illustrious and indelible imprints in the arena of sports.

---

തയ്യാറാക്കിയത് : വി കെ ആദർശ് (V K Adarsh), യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, റീജിയണൽ ഓഫീസ്, മംഗലാപുരം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, താനൂർ